കൃഷിവകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ) : സർ, കാർഷിക വിളകൾക്ക് താങ്ങുവില പ്രഖ്യാപിക്കുന്നത് കേന്ദ്രഗവൺമെൻറാണ്. ഇപ്പോൾ നെല്ലിന് കേന്ദ്ര ഗവൺമെൻറ് താങ്ങുവിയ പ്രഖ്യാപിച്ചിട്ടുണ്ട്.ആ താങ്ങുവില കിൻറലിന് 360 രൂപ മാത്രമാണ്. പക്ഷേ കേരളത്തിലെ ഓപ്പൺ മാർക്കറ്റിൽ നെല്ലിൻെറ വില ഇപ്പോൾത്തന്നെ കിൻറലിന് 500 രൂപയിൽ കൂടുതലാണ്. ഈ പ്രത്യേക സാഹചര്യത്തിൽ നെല്ലിന് ഇനിയും താങ്ങുവില കൂട്ടി നിശ്ചയിക്കുകയെന്നുള്ളത് വളരെ പ്രായോഗികമാണെന്ന് തോന്നുന്നില്ല. അതുപോലെ തന്നെ നെല്ലുൽപ്പാദനത്തിൽ കേരളം ഒരു കമ്മി സംസ്ഥാനമായതു കൊണ്ട് താങ്ങുവില സമ്പ്രദായത്തിലൂടെ നെല്ല് സംഭരണം ആവശ്യമായി വരുന്നുമില്ല. പ്രധാനപ്പെട്ട നെല്ലുൽപ്പാദന ജില്ലകളായ പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ കൃഷിക്കാരെ സഹായിക്കാനും ന്യായമായ വില അവർക്ക് ഉറപ്പുവരുത്താനും വേണ്ടി സഹകരണ സംഘങ്ങൾവഴി നിലവിലുള്ള വിലയെക്കാൾ ഉയർന്ന വില നൽകിക്കൊണ്ട് കൊയ്ത്തുകാലത്ത് നെല്ലുസംഭരണം നടത്തുന്നുണ്ട്. നെല്ല് ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കാനും നെൽക്കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ പല നടപടികളും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. അതിലൊന്ന് മൂന്ന് പൂവിനും വിളയിറക്കിയിട്ടുള്ള കൃഷിക്കാർക്ക് ഹെക്ടർ ഒന്നിന് 250 മുതൽ 750 രൂപവരെ പ്രതിവർഷം ഉൽപ്പാദന പ്രോൽസാഹനമായി നൽകിവരുന്നുണ്ട്. അതു ഗ്രൂപ്പ് ഫാമിംഗ് സമിതികൾ വഴിയാണ് നൽകുന്നത്. അതു ഉൽപ്പാദന പ്രോൽസാഹനമായി നൽകാൻ നോൺ പ്ലാനിൽ 9 കോടി രൂപയും നെല്ല് സംഭരിക്കുന്നതിനുള്ള സഹായത്തിനായി പ്ലാനിൽ ആറര കോടി രൂപയും ഈ വർഷം നീക്കിവച്ചിട്ടുണ്ട്. നെൽകൃഷിക്ക് ഉപയോഗിക്കുന്ന ഫെർട്ടിലൈസറിൻെറ വില 1-8-1995 മുതൽ സൗജന്യമാക്കിയിട്ടുണ്ട്. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് സമിതികൾവഴി ചെലവിൻെറ 85% ധനസഹായം ഗവൺമെൻറ് നൽകിവരുന്നുണ്ട്. ട്രാക്ടർ, ടില്ലർ, മെതിയന്ത്രം തുടങ്ങിയവ 50% സബ്സിഡി നിരക്കിൽ ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്കു കൊടുക്കുന്നുണ്ട്. ജൈവവളം, കമ്പോസ്റ്റ് വളം നിർമ്മാണം തുടങ്ങിയവ കൂടുതൽ പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. ഇതൊക്കെ ഉൽപാദന ചെലവ് കുറച്ചുകൊണ്ടുവരാൻവേണ്ടി സർക്കാർ ചെയ്യുന്നതാണ്. നെൽക്കൃഷിക്കാർക്ക് ന്യായമായ വില ഉറപ്പുവരുത്താനും ചെലവ് കുറയ്ക്കാനും ഇത് സഹായിക്കും. നെല്ലിനു വില വളരെ കൂടിയാൽ സംസ്ഥാനത്ത് ഭൂരിപക്ഷം പേരും അരി വാങ്ങി കഴിക്കുന്നവരായതുകൊണ്ട് ബുദ്ധിമുട്ടു വരും.

(8) മായന്നൂർ കോസ്വേ നിർമ്മാണം

ശ്രീ. എം. പി. താമി : സർ, മായന്നൂർ കോസ്വേ നിർമ്മിക്കണമെന്ന് 1991-മുതൽ ഞാൻ ഈ നിയമസഭയിൽ ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇതു വളരെ പ്രാധാന്യമുള്ളതാണ്. തൃശ്ശൂർ പാലക്കാട് ജില്ലകളേയും മലപ്പുറം ജില്ലയുമായും ബന്ധിപ്പിക്കുന്ന മായന്നൂർ എന്ന ഭാഗത്ത് ഭാരതപ്പുഴയ്ക്ക് കുറുകെ ഒരു കോസ്വേ നിർമ്മിക്കണമെന്നുള്ള ആഗ്രഹം ആ പ്രദേശത്തുള്ള മുഴുവൻ ജനങ്ങൾക്കും ഒറ്റപ്പാലം, തലപ്പള്ളി താലൂക്കുകളിലെയും മുഴുവൻ ആളുകൾക്കുമുണ്ട്. അതു ഞാൻ ഈ നിയമസഭയിൽ 1991 സെപ്റ്റംബർ മാസത്തിൽസബ്മിഷനായി അവതരിപ്പിച്ചു. അന്നത്തെ വകുപ്പുമന്ത്രി ശ്രീ. പി. കെ. കെ. ബാവ തന്ന മറുപടി ചേലക്കര, ഒറ്റപ്പാലം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതിന് മായന്നൂർ എന്ന സ്ഥലത്ത് ഭാരതപ്പുഴയിൽ ഒരു കോസ്വേ നിർമ്മിക്കുന്നതിന് 375 ലക്ഷം രൂപ ചെലവു വരുന്ന എസ്റ്റിമേറ്റ് സെൻട്രൽ

LIBRARY ARCHIVES Kerala Legislative Assembly

റോഡ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി 8-ാം പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെൻറിനോട് ശുപാർശ ചെയ്തിട്ടുണ്ടെന്നാണ്. എന്നാൽ അതിന് കേന്ദ്രത്തിൽനിന്നും ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിച്ചാലുടൻ പണി ആരംഭിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് കരുതുന്നത്. ഇതിനാവശ്യമായ നടപടി ഗവൺമെൻറ് തുടർന്നുകൊണ്ടിരിക്കുന്നു. അഞ്ചു കൊല്ലം മുൻപ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നിയമസഭയിൽ തന്ന ഉറപ്പ് ഈ നേരം വരെ പാലിച്ചിട്ടില്ല. പുതിയതായി ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന സി. ടി. അഹമ്മദ് അലി സാഹിബ് ചാർജ്ജെടുത്തശേഷം ഒരു കൊല്ലത്തിനുള്ളിൽ രണ്ടു പ്രാവശ്യം രണ്ടു കോൺഫറൻസുകൾ നടന്നു. രണ്ടു നിയോജകമണ്ഡലത്തിലെ എം. എൽ. എ. മാരും പഞ്ചായത്തു പ്രസിഡൻറുമാരും മുനിസിപ്പൽ ചെയർമാൻമാരും എല്ലാവരും കൂടിയിരുന്ന് ഇതിനുവേണ്ട ധനാഗമമാർഗ്ഗങ്ങൾ എങ്ങനെ ഉണ്ടാക്കുമെന്ന് വളരെ കൂലംകക്ഷമായി പരിശോധിച്ചു. എന്തായാലും ബഡ്ജറ്റിൽ ഉൾപ്പെടുത്താമെന്ന നിഗമനത്തിലാണ് പിരിഞ്ഞത്. നിർഭാഗ്യമെന്നു പറയട്ടെ ഇക്കൊല്ലത്തെ ബഡ്ജറ് ഇറങ്ങിയപ്പോൾ ആ ബഡ്ജറിലുമില്ല. ഇത്രയധികം ക്രൂരത ആ പ്രദേശത്തെ ജനങ്ങളോട് ഈ ഗവൺമെൻറ് കാണിക്കാൻ അവർ എന്തു ചെയ്തുവെന്ന് എനിക്കു മനസ്സിലാകുന്നില്ല. രണ്ടു താലൂക്കുകളിലെ കൃഷിക്കാരുടെയും യാത്രക്കാരുടെയും മുഴുവൻ ആളുകളുടേയും താൽപ്പര്യമാണ്. മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽനിന്ന് ഏറ്റവും കൂടുതൽ എളുപ്പത്തിൽ സഞ്ചരിക്കാവുന്ന ഒരു ഗതാഗത മാർഗ്ഗമായി ഭാവിയിൽ തുറന്നു വരാൻ സാദ്ധ്യതയുള്ളതാണ് ഈ മായന്നൂർ കോസ്വേ. അതു അനുവദിക്കാൻ വേണ്ട നടപടി ഇപ്പോഴുണ്ടാവശ്യം തന്നെ സ്വീകരിക്കണമെന്നും ഈ നാലു മാസം കഴിഞ്ഞാൽ വരാൻ പോകുന്ന ബഡ്ജറിൽ ആ പദ്ധതി ഉൾപ്പെടുത്തണമെന്നും അവിടത്തെ മുഴുവൻ ജനങ്ങളുടെ പേരിലും ആവശ്യപ്പെടുകയാണ്.

ശ്രീ. വി. സി. കബീർ : സർ, ഒറ്റപ്പാലത്തേയും മായന്നൂരിനേയും ബന്ധിപ്പിക്കുന്ന ഒരു കോസ്വേ നിർമ്മിക്കണമെന്ന ആവശ്യം ഉന്നയിച്ചു തുടങ്ങിയിട്ട് വർഷങ്ങളായി. പലതായി. ആ പ്രദേശത്തിന്റെ പ്രത്യേകത അങ്ങേക്കുമറിയാം. ഇത് ഒരു കോസ്വേയായി നിർമ്മിക്കുന്നതിനുവേണ്ടി തീരുമാനിച്ചിരുന്നു. ഈ അടുത്തകാലത്ത് മന്ത്രി മൂന്നു തവണ കോൺഫറൻസ് നടത്തി. ഒറ്റപ്പാലം, തൃത്താല, ചേലക്കര എന്നീ നിയോജകമണ്ഡലങ്ങളിലെ എം. എൽ. എ. മാരും ആ കോൺഫറൻസിൽ പങ്കെടുത്തിരുന്നു. അന്ന് ഇത് ബഡ്ജറിൽ ഉൾപ്പെടുത്താമെന്നു പറഞ്ഞിരുന്നു. മാത്രമല്ല ഫണ്ട് കോയുടെ ലോണെടുത്ത് അതൊരു പാലമായി നിർമ്മിക്കാമെന്നു തീരുമാനിച്ചിരുന്നു. പക്ഷേ അത് ബഡ്ജറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഏതാണ്ട് 9 കോടി രൂപയുടെ എസ്റ്റിമേറ് തയ്യാറാക്കാൻ നിർദ്ദേശം കൊടുത്ത് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകാമെന്ന് പറഞ്ഞിരുന്നു. അതിനാൽ ആ പ്രദേശത്തെ ജനങ്ങളുടെ വികാരം കണക്കിലെടുത്തുകൊണ്ട് പാലമായാലും കോസ്വേയായാലും ഏതെങ്കിലും ഒന്നിനുള്ള പ്രഖ്യാപനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി) : സർ, ശ്രീ. എം. പി. താമിയും ശ്രീ. വി. സി. കബീറും ഇവിടെ പറഞ്ഞ കാര്യങ്ങൾ ഗവൺമെൻറ് ഗൗരവത്തിൽ കണക്കിലെടുക്കുകയാണ്. ഭാരതപ്പുഴയ്ക്ക് കുറുകെ ഒറ്റപ്പാലത്തേയും മായന്നൂരിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കോസ്വേ അഥവാ ഹൈലെവൽ ബ്രിഡ്ജ് പണിയുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഏകദേശം 9 കോടി 20 ലക്ഷം രൂപയുടെ സാമ്പത്തിക ബാദ്ധ്യതയുള്ള ഒരു പണിയായതിനാൽ സംസ്ഥാന ഗവൺമെൻറിന് ഇക്കാര്യത്തിൽ പെട്ടെന്ന് ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ കോസ്വേ നിർമ്മാണം കേന്ദ്ര ഗവൺമെൻറിൻെറ സി. ആർ. എഫ് സ്കീമിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. അതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പണി ആരംഭിക്കാൻ കഴിയും. നമുക്കറിയാം ഓരോ വർഷവും ബഡ്ജറ്റ് തുകയിൽ ഒതുങ്ങി നിൽക്കാതെ ഭീമമായ വർദ്ധനവാണ് ഓരോ വർക്കുകൾക്കുമുണ്ടാകുന്നത്. ബഡ്ജറ്റിൽ തുക കുറവായതുകൊണ്ട് വലിയ തുകകൾ വേണ്ടിവരുന്ന വർക്കുകൾ ഏറെടുക്കാൻ നാം വിചാരിച്ച രീതിയിൽ കഴിയാത്ത ബുദ്ധിമുട്ട് വരുന്നുണ്ട്. ഇതിനുവേണ്ടി ഫണ്ട്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ വായ്പ നൽകാൻ തയ്യാറായിട്ടുണ്ട്. ഏതാണ്ട് 7% വരെ കമ്മീഷ്യലായി ടോൾ പിരിക്കാവുന്ന രീതിയിൽ തുക തിരിച്ചടയ്ക്കാവുന്ന പദ്ധതികൾക്ക് സഹായം നൽകാൻ ധനകാര്യസ്ഥാപനങ്ങൾ മുന്നോട്ടുവരുന്നുണ്ട്. അതുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്നുണ്ട്. ഗവൺമെൻറിന് നേരിട്ട് വായ്പ എടുക്കാൻ വ്യവസ്ഥയില്ല. അതുകൊണ്ട് ഒരു കോർപ്പറേഷനോ മറേറതെങ്കിലും ഏജൻസിയോ രൂപീകരിക്കുന്ന കാര്യവും ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്. അതുപോലെ സാമ്പത്തികമായ ബുദ്ധിമുട്ടുകൾ കൊണ്ട് മുടങ്ങിക്കിടക്കുന്ന വർക്കുകൾ ഒരു കോർപ്പറേഷൻെറയോ മറെറാരു ഏജൻസിയുടെയോ പരിധിയിൽകൊണ്ടുവന്ന് നിർമ്മിക്കാൻ പറ്റുമോയെന്ന് ഗവൺമെൻറ് പരിശോധിച്ചുവരുന്നുണ്ട്. ഇത്തരം റോഡുകളുടെയും പാലങ്ങളുടെയും പ്രാധാന്യം ഗവൺമെൻറ് കണക്കിലെടുത്തുകൊണ്ട് ചുരുങ്ങിയകാലം കൊണ്ട് വളരെയേറെ താൽപ്പര്യമെടുത്തുകൊണ്ട് നിർമ്മാണ പ്രവർത്തനം നടത്തിവരുന്നുണ്ട്. സാമ്പത്തികമായ ഞെരുക്കവും ബുദ്ധിമുട്ടും മാത്രമാണ് ഇതിനെല്ലാം തടസ്സമായി നിൽക്കുന്നത്. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർമാർ പ്രകടിപ്പിച്ച വികാരങ്ങൾ പരിഗണിച്ച് ഏതു വിധത്തിൽ അതിനു പരിഹാരം കാണാൻ കഴിയുമെന്ന് ഗവൺമെൻറ് തീരുമാനമെടുക്കുന്നതാണ്.

(9) പാലങ്ങളുടെ പണി

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, കുന്നമംഗലം നിയോജകമണ്ഡലത്തിലെ മാങ്കാവ്, കണ്ണിപ്പറമ്പ് റോഡിലുള്ള വളരെ നേരത്തെ പ്രവൃത്തി തുടങ്ങിയ ഒരു പാലമാണ് പുറത്തേടത്തുകടവ്പാലം. മാങ്കാവ് കണ്ണിപ്പറമ്പ് റോഡിൻെറ പണി പൂർണ്ണമായും കഴിഞ്ഞിരിക്കുകയാണ്. ഒരു കോടിയിലധികം രൂപ ചെലവുചെയ്തുകൊണ്ട് നിർമ്മിച്ച ആ റോഡിൻെറ ഉപയോഗം ജനങ്ങൾക്ക് കിട്ടണമെങ്കിൽ പുറത്തേടത്ത് ഈ കടവ് പാലം പൂർത്തിയാകണം. അതു അടിയന്തിരമായി പൂർത്തിയാക്കിയാലേ അതിൻെറ പ്രയോജനം ജനങ്ങൾക്കുണ്ടാവുകയുള്ളൂ. അതിനാവശ്യമായ നടപടി സ്വീകരിക്കണം. അതിനാൽ ഈ പാലം പണി അടിയന്തിരമായി പൂർത്തിയാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത്. അതുപോലെ തിരുവമ്പാടി കുന്നമംഗലം നിയോജകമണ്ഡലത്തെ ബന്ധിപ്പിക്കുന്ന ഒരു പാലമാണ് ഇടവഴിക്കടവ് പാലം. ആ പാലത്തിൻെറ പ്രവൃത്തിയും അന്ന് പ്രഖ്യാപിച്ചതനുസരിച്ച് ഇപ്പോൾ പൂർത്തിയാകേണ്ടതാണ്. ആ പാലത്തിൻെറ പ്രവൃത്തിയും പൂർത്തിയായിട്ടില്ല. തിരുവമ്പാടി–കുന്നമംഗലം നിയോജകമണ്ഡലത്തിലെ മലയോര പ്രദേശത്തെക്കും മലപ്പുറം ജില്ലയിലേക്കും ഗവാളിയോർറയോൺസിനുമെല്ലാം വളരെ അത്യാവശ്യമായ ഒരു പാലമാണ് അത്. ആ പാലം പൂർത്തിയാക്കാനുള്ള നടപടിയും ഗവൺമെൻറ് അടിയന്തിരമായി സ്വീകരിക്കണം. അതുപോലെതന്നെ കുറങ്ങോട്ടു കടവു പാലം. കുന്നമംഗലം നിയോജകമണ്ഡലത്തിലെ കൊടുവള്ളി പഞ്ചായത്തും ചാത്തമംഗലം പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് ഈ പാലം.

LIBRARY ARCHIVES Kerala Legislative Assembly